പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 295 — 21.06.2013 - ൽ മറുപടിയ്ക്ക്

## അനാഥാലയങ്ങളുടെ പ്രവർത്തനം

ചോദ്യം — ഉത്തരം

ശ്രീ. കെ.എം. ഷാജി
,, എം.പി. അബ്ദുസ്സമദ് സമദാനി
,, റ്റി.എ. അഹമ്മദ് കബീർ
,, പി.ബി. അബ്ദുൾ റസാക്

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അന്തേവാസികളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുളള പദ്ധതി പരിഗണനയിലുണ്ടോ ; | (എ) | അനാഥാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അന്തേവാസികളുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുളള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി നിലവിലുളള ചട്ടങ്ങളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | അനാഥാലയങ്ങളുടെ പരിശോധനക്കായി നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | ഓർഫനേജ് കൺട്രോൾ ബോർഡിലെ അംഗങ്ങൾക്ക് ഓരോ ജില്ലയിലെയും ചാർജ്ജ് നൽകിയിട്ടുണ്ട്. ബോർഡ് അംഗങ്ങൾ അപ്രകാരം പരിശോധന നടത്തുന്നുണ്ട്. ഓർഫനേജുകൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും, ലോക്കൽ ഫണ്ട് ഉദ്യോഗസ്ഥരും പരിശോധന നടത്തി വരുന്നു. മെഡിക്കൽ ഓഫീസർമാർ സ്ഥാപനങ്ങളിലെ ഹെൽത്ത് പരിശോധന മാസത്തിലൊരിക്കൽ നടത്തുന്നതാണ്. ജില്ലാ തലത്തിൽ പ്രവർത്തനങ്ങൾ നിരീക്ഷിയ്ക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ. മാർ ഉൾപ്പെടുന്ന ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഓർഫനേജുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാന തലത്തിൽ പരിശോധിയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല അവലോകന സമിതിയും രൂപീകരിച്ചി |

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. ഇതു കൂടാതെ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഓരോ അനാഥാലയവും നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമെന്നുകാണുന്ന പരിഷ്ക്കരണനടപടികൾ സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | വിവിധ തലങ്ങളിലുള്ള പരിശോധനകളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അന്വേഷണ റിപ്പോർട്ടുകൾ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, ഓർഫനേജ് കൺട്രോൾ ബോർഡ്, മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംസ്ഥാനതല അവലോകന സമിതി എന്നിവർ വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

R. Vijayan

സെക്ഷൻ ഓഫീസർ